(പ്രസിദ്ധീകരണത്തിന)

വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസ്
തിരുവനന്തപുരം,
20/07/2017

## സ്കൂളുകളിൽ താല്ക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ അനുമതി

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ താല്ക്കാലിക ഒഴിവുകൾ ദിവസ-വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതിയായി.

സർക്കാർ സ്കൂളുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതനാ-ടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നതിന് നേരത്തെ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എയ്ഡഡ് മേഖലയിലും ഇത്തരം ഒഴിവുകളിൽ താല്ക്കാലികമായി അദ്ധ്യാ-പകരെ നിയമിക്കണമെന്നുള്ള ആവശ്യം പരിഗണിച്ച്, എയ്ഡഡ് സ്കൂളുകളിലെ 30 ദിവസത്തിൽ കൂടുതലുള്ളതും, എന്നാൽ ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ താല്ക്കാലിക ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവായി.

ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 850/- രൂപയും (പരമാവധി തുക 24650/- രൂപ), ഹൈസ്കൂൾ അസിസ്റ്റന്റ് പ്രതിദിനം 975/- രൂപ (പരമാവധി തുക 29200/- രൂപ), പാർട് ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 675/- രൂപയും (പ്രതിമാസം പരമാവധി തുക 18900/- രൂപ), പ്രൈമറി സ്കൂൾ പാർട് ടൈം ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 650/- രൂപയും വേതനമായി അനുവദിക്കാവുന്നതാണ്.

OFFICE OF THE MINISTER FOR EDUCATION

എൻ.സുനിൽ കുമാർ
പ്രൈവറ്റ് സെക്രട്ടറി